LIBRARY ARCHIVES Kerala Legislative Assembly

മാനന്തവാടി-കോഴിക്കോട് റൂട്ടിലെ ടൗൺ-ടു-ടൗൺ ബസ് സർവ്വീസ്

113 [1252] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി-കോഴിക്കോട് റൂട്ടിൽ എത്ര ടൗൺ-ടു-ടൗൺ ബസ്സ് സർവ്വീസ് നടത്തിവരുന്നുണ്ട്;

(ബി) ഇതിന്റെ കളക്ഷൻ ശരാശരി എത്ര രൂപ വരുമെന്ന് അറിയിക്കുമോ;

(സി) കോഴിക്കോട്ടുനിന്നും പുറപ്പെടുന്ന ബസ്സുകൾ ഓരോന്നും മാനാഞ്ചിറ ചുറ്റി നടക്കാവ് വഴി മാനന്തവാടിക്കു പോകുമ്പോൾ മെഡിക്കൽ കോളേജുവഴി പോകുന്നതിനേക്കാൾ എത്ര കി.മീ. ദൂരം അധികമായി സഞ്ചരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇങ്ങനെ സർവ്വീസ് നടത്തുന്ന ബസ്സുകൾ മൊത്തത്തിൽ ഒരു മാസം എത്ര കി.മീ. കൂടുതൽ ഓടുന്നു;

(ഇ) ഇതുമൂലം എത്രരൂപയാണ് അധിക ചെലവ് ഉണ്ടാകുന്നത്;

(എഫ്) മാനാഞ്ചിറ-നടക്കാവ് ചുറ്റിയുള്ള ഓട്ടം ഒഴിവാക്കി മെഡിക്കൽ കോളേജുമായി ബന്ധപ്പെടുന്ന വയനാട്ടിലെ യാത്രക്കാർക്ക് ഉപകരിക്കുന്നതായ രീതിയിൽ സർവ്വീസ് ക്രമീകരിച്ച് മാനന്തവാടിക്കുള്ള മുഴുവൻ റ്റി-റ്റി ബസ്സുകളേയും മെഡിക്കൽ കോളേജുവഴി ഓടിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ജി) എങ്കിൽ എന്നു മുതൽ ഇത് നടപ്പിലാക്കി തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാനന്തവാടിയിൽനിന്നും എട്ടും, കോഴിക്കോട്ടുനിന്നും എട്ടും സർവ്വീസുകൾ നടത്തിവരുന്നു.

(ബി) മാനന്തവാടി-കോഴിക്കോട് ടൗൺ-ടു-ടൗൺ സർവ്വീസിന്റെ ഒരു ദിവസത്തെ ശരാശരി കളക്ഷൻ 5,400 രൂപയും കോഴിക്കോട്-മാനന്തവാടി സർവ്വീസിന് 6,980 രൂപയും ലഭിക്കുന്നു.

(സി) ഓരോ ട്രിപ്പിനും രണ്ട് കി. മീറ്റർ വീതം.

(ഡി) 1920 കി.മീറ്റർ.

(ഇ) 12,323 രൂപ.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട്-നിലമ്പൂർ റൂട്ടിൽ മണ്ണാർക്കാട് വഴി ടൗൺ-ടു-ടൗൺ ബസ് സർവ്വീസ്

114 [1253] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട്-നിലമ്പൂർ റൂട്ടിൽ മണ്ണാർക്കാടുവഴി കെ.എസ്.ആർ.ടി.സി. ടൗൺ-ടു-ടൗൺ ബസ് സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ?